## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 263 — 11. 10. 2011 - ൽ മറുപടിക്ക്

### വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. ബി. സത്യൻ :
ശ്രീ. എം.എ. ബേബി :
ശ്രീ.പുരുഷൻ കടലുണ്ടി :
പ്രൊഫ.സി.രവീന്ദ്രനാഥ് :

(എ)
അഴിമതികൾ കണ്ടെത്തുന്നതിനായി വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ബി) നൂതനമായ എന്തെല്ലാം രീതികളാണ് അവലംബിക്കാനുദ്ദേശിക്കുന്നത്;

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,
റവന്യൂവും വിജിലൻസും വകുപ്പുമന്ത്രി.

(എ ) യും (ബി)യും
അഴിമതി കേസുകളുടെ അന്വേഷണവും തുടർ നടപടികളും കൂടുതൽ കാര്യക്ഷമവും ഫല പ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിജിലൻസ്, ലോകായുക്ത നിയമങ്ങളും നടപടിക്രമങ്ങളും പരിഷ്ക്കരിക്കണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിൻെറ ഭാഗമായി സർക്കാരിൻെറ 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിവരം നൽകുന്നവർക്ക് സംരക്ഷണം നൽകുന്നതിലേയ്ക്കായി 'വിസിൽ ബ്ളോവർ പ്രൊട്ടക്ഷൻ പോളിസി' രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സർക്കാരിന് ഉപദേശം നൽകുന്നതിലേക്കായി വിദഗ്ദ്ധർ അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) വിജിലൻസ് വകുപ്പിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനും മാറ്റി നിർത്തുന്നതിനും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | (സി) അഴിമതിക്കാരെന്ന് സംശയമുള്ള ഉദ്യോഗസ്ഥരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിയമനത്തിനായി ശുപാർശ ചെയ്യാറില്ല. അഴിമതിക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥരെ ഈ വകുപ്പിൽ നിന്നും മാറ്റി നിർത്താറുണ്ട്. |

സെക്ഷൻ ആഫീസർ